LIBRARY ARCHIVES.Kerala Legislative Assembly

വിനോബാ നികേതൻ ആശുപത്രി സംരക്ഷിക്കാൻ നടപടി

91 (8151) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് കീഴിൽ വരുന്ന തിരുവനന്തപുരം ജില്ലയിലുള്ള വിനോബാ നികേതനിലെ ആയുഷ് ആശുപത്രി പൂട്ടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിനോബാ നികേതനിലെ ആയുഷ് ആശുപത്രി നിലനിർത്താൻ എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(സി) നിലവിലെ ആയുഷ് കേന്ദ്രം സംരക്ഷിക്കുന്നതോടൊപ്പം മറ്റ് ജില്ലകളിലും ഇത്തരത്തിലുള്ള ആയുഷ് കേന്ദ്രങ്ങൾ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) കേന്ദ്ര അനുമതി ലഭിക്കാതെ വന്നാൽ നിലവിലെ ആയുഷ് കേന്ദ്രങ്ങൾ ആരോഗ്യ വകുപ്പ് ഏറ്റെടുത്ത് നടത്തുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) വിനോബാ നികേതനിലെ ആയുഷ് ആശുപത്രി കേന്ദ്ര സർക്കാരിന്റെ സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ ആയുർവേദ ആന്റ് സിദ്ധ എന്ന സ്ഥാപനത്തിന്റെ കീഴിലാണ് പ്രവർത്തനം ആരംഭിച്ചത്. ആശുപത്രി തുടർന്ന് പ്രവർത്തിക്കുന്നതിന് പ്രസ്തുത സ്ഥാപനത്തിൽ നിന്നും നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ

92 (8152) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ആയുർവേദ, ഹോമിയോപ്പതി, യോഗ, പ്രകൃതി ചികിത്സാ സമ്പ്രദായങ്ങൾ ഏകോപിപ്പിച്ചുകൊണ്ടുള്ള ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടോ ;